LIBRARY ARCHIVES Kerala Legislative Assembly

കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീർപ്പ് കൽപ്പിക്കാൻ നടപടി

152 [3113] *ശ്രീ. എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയറ്റിലെ വിവിധ വകുപ്പദ്ധ്യക്ഷൻമാരുടെ ഓഫീസുകളിൽ തീർപ്പാക്കുന്നതിനുള്ള എത്ര ഫയലുകൾ വീതമുണ്ട്;

(ബി) ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ അത്തരത്തിലുള്ള എത്ര ഫയലുകൾ ഉണ്ട്;

(സി) വകുപ്പദ്ധ്യക്ഷൻമാരുടെ ഓഫീസുകളിലും ചീഫ് സെക്രട്ടറിയുടെ ഓഫീസിലും കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീർപ്പ് കൽപ്പിക്കുവാൻ പ്രത്യേക നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ തീർപ്പുകൽപ്പിക്കുന്നതിനായി ഫയലുകളൊന്നും കെട്ടിക്കിടക്കുന്നില്ല.

(സി) ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ തീർപ്പുകൽപ്പിക്കുന്നതിനായി ഫയലുകളൊന്നും കെട്ടിക്കിടക്കുന്നില്ല. സെക്രട്ടറിയറ്റിലെ വകുപ്പദ്ധ്യക്ഷന്മാരുടെ ഓഫീസുകളിലെ വിവരം ശേഖരിച്ചുവരുന്നു.

കൈപ്പറ്റ് രസീത് നൽകാത്ത ഓഫീസ് മേധാവികൾക്കെതിരെ നടപടി

153 [3115] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ, അപേക്ഷകൾ, നിവേദനങ്ങൾ തുടങ്ങിയവയ്ക്ക് കൈപ്പറ്റ് രസീത് നൽകണമെന്ന് ആവശ്യപ്പെട്ട് കാലാകാലങ്ങളിൽ വിവിധ സർക്കുലറുകൾ പ്രകാരം നൽകിയ നിർദ്ദേശം ഭൂരിഭാഗം സർക്കാർ ഓഫീസുകളിലും നടപ്പിലാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കുലർ പ്രകാരം കൈപ്പറ്റ് രസീത് നൽകാത്ത ഓഫീസ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരാതി ലഭിക്കുന്നപക്ഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

റിട്ടയറായ ഉദ്യോഗസ്ഥരുടെ പുനർനിയമനം

154 [3118] *ശ്രീ. കോവൂർ കുഞ്ഞുമോൻ:*

,, *എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ നിന്നും 2001 മാർച്ചിനുശേഷം റിട്ടയർ ചെയ്ത എത്ര ഉദ്യാഗസ്ഥർക്ക് പുനർനിയമനം നൽകിയിട്ടുണ്ട്;

(ബി) ഇവർ ആരൊക്കെയാണെന്നും അവരുടെ പുനർനിയമന സമയത്തുള്ള ശമ്പളം എത്രയാണെന്നും വകുപ്പ് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുവരുന്നു.

മലപ്പുറത്തെ ജില്ലാ കൺസൾട്ടേറ്റീവ് കമ്മിറ്റി

155 [3119] *ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എം. പി., എം. എൽ. എ. മാരുടെ ജില്ലാതല കൺസൾട്ടേറ്റീവ് കമ്മിറ്റി ചേരാറുണ്ടോ;

(ബി) ഒരു വർഷം എത്ര പ്രാവശ്യം യോഗം ചേരാറുണ്ട്;

(സി) യോഗം ചേരണമെന്ന നിർദ്ദേശം സർക്കാരിൽ നിന്നോ പോലീസ് വകുപ്പിൽ നിന്നോ ലഭിച്ചിട്ടുണ്ടോ;

(ഡി) ജില്ലാ കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ തീരുമാനം നടപ്പിലാക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly